**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 498** | **23-02-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന പൊതുശ്മശാനം സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന പൊതുശ്മശാനം സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ആധുനിക വൈദ്യുതി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി 100 കോടി രൂപ അനുവദിച്ചതിന്റെ പശ്ചാത്തലത്തിൽ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വൈദ്യുതി ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസിയായ ഇംപാക്റ്റ് കേരള 11.44 കോടി രൂപയുടെ ഒരു സംയോജിത പദ്ധതി റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ളത്; | (ബി) | സംയോജിത പദ്ധതി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മുനിസിപ്പാലിറ്റി 2. എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് 3. തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്ത് 4. തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 5. മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് 6. മലപ്പുറം ജില്ലയിലെ മോത്തേടം ഗ്രാമപഞ്ചായത്ത് 7. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്ത് 8. കോഴിക്കോട് ജില്ലയിലെ പാണങ്ങാട് ഗ്രാമപഞ്ചായത്ത് 9. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 10. വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്ത് 11. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് 12. കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്ത് |
| (സി) | കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ ശ്മശാനം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിലെ കുന്നമംഗലം ഗ്രാമപഞ്ചായത്തിലേതുൾപ്പടെ 12 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക വൈദ്യുതി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ഇംപാക്റ്റ് കേരള സമർപ്പിച്ച 11.44 കോടി രൂപയുടെ സംയോജിത പദ്ധതി റിപ്പോർട്ടിന്മേൽ അവലോകനം നടത്തി ഒരു സാങ്കേതിക റിപ്പോർട്ട് ഇംപാക്റ്റ് കേരളയ്ക്ക് 07.03.2019 ന് കിഫ്ബി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതാണ്. ഇതിന് മറുപടി ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ